മെട്രോ വാർത്ത

13 November 2017

# ഇൻഷുറൻസ് പരിരക്ഷയില്ലാതെ മത്സ്യ മേഖല

കൊച്ചി: ഇൻഷുറൻസ് പരിരക്ഷ രാജ്യത്തെ മത്സ്യമേഖലയിൽ ഒട്ടും കാര്യക്ഷമമല്ലെന്ന് പഠനം. മത്സ്യത്തൊഴിലാളികളും മത്സ്യകർഷകരും അനുഭവിക്കുന്ന ഭീമമായ സാമ്പത്തിക നഷ്ടത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പഠന റിപ്പോർട്ട്. മറ്റ് കാർഷിക മേഖലകളെ അപേക്ഷിച്ച് മത്സ്യമേഖലയിൽ ഇൻഷുറൻസ് പോളിസികൾ വളരെ കുറവാണെന്നാണ് പഠനം. കടലിൽ മീൻപിടിക്കുന്നവർക്കുള്ള ആക്സിഡന്റ് ഇൻഷുറൻസ് പരിരക്ഷ മാത്രമാണ് ഈ മേഖലയിൽ പ്രചാരത്തിലുള്ളത്. എന്നാൽ, മീൻപിടുത്ത ബോട്ടുകൾക്കും ഉപകരണങ്ങൾക്കുമുള്ള കേടുപാട്, തീരദേശ ജംഗമവസ്തുക്കൾക്ക് സംഭവിക്കുന്ന നാശനഷ്ടം തുടങ്ങിയവയ്ക്ക് കേരളത്തിലുൾപ്പെടെ വളരെ പരിമിതമായ അളവിൽ മാത്രമാണ് ഇൻഷുറൻസ് പരിരക്ഷ നിലവിലുള്ളത്.

**കേരളത്തിൽ ഒരുസ്ഥലത്ത് മാത്രമാണ് മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷുറൻസ് പോളിസി എടുത്തിട്ടുള്ളത്**

സിഎംഎഫ്ആർഐയിലെ സാമൂഹിക സാമ്പത്തിക അവലോകന വിഭാഗം ശാസ്ത്രജ്ഞനായ ഡോ.ഷിനോജ് പാറപ്പുറത്താണ് പഠനത്തിന് നേതൃത്വം നൽകിയത്.

കേരളം, തമിഴ്നാട്, ആന്ധ്രപ്രദേശ്, ഗുജറാത്ത്, ഒഡീഷ എന്നീ സംസ്ഥാനങ്ങളിലെ 14 മീൻപിടുത്ത കേന്ദ്രങ്ങളിലും കേരളത്തിലെയും തമിഴ്നാട്ടിലെയും മത്സ്യകർഷകർക്കിടയിലുമാണ് സിഎംഎഫ്ആർഐ പഠനം നടത്തിയത്. ഇൻഷുറൻസ് കമ്പനികളിൽ നിന്നും സർക്കാർ തലങ്ങളിൽ നിന്നുമുള്ള വിവരങ്ങൾ പഠനത്തിനായി ഉപയോഗപ്പെടുത്തിയിരുന്നു.

സർവ്വേ നടത്തിയതിൽ കേരളത്തിൽ ഒരുസ്ഥലത്ത് മാത്രമാണ് മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷുറൻസ് പോളിസി എടുത്തിട്ടുള്ളതെന്ന് കണ്ടെത്തി. മത്സ്യസമ്പത്തിലെ കുറവ്, വിപണിയിലെ വിലവ്യത്യാസം മൂലമുള്ള നഷ്ടം, മത്സ്യകൃഷിയിലെ നഷ്ടം എന്നിവയ്ക്ക് സർവേയിൽ പങ്കാളികളായ ആരും തന്നെ ഇൻഷുറൻസ് പരിരക്ഷ നേടിയിട്ടില്ലെന്ന് പഠനം വെളിപ്പെടുത്തുന്നു.

മത്സ്യബന്ധന ബോട്ടുകൾക്ക് കേരളം, തമിഴ്നാട്, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ വളരെകുറഞ്ഞ അളവിൽ മാത്രമാണ് ഇൻഷുറൻസ് പരിരക്ഷയുള്ളത്. എന്നാൽ, വ്യക്തിഗത ആക്സിഡന്റ് ഇൻഷുറൻസ് പരിരക്ഷ കേരളത്തിൽ നിന്ന് സർവേയിൽ പങ്കാളികളായ 80 ശതമാനം പേരും ഉറപ്പുവരുത്തിയിട്ടുണ്ട്. ഇൻഷുറൻസ് പരിരക്ഷയുടെ ആവശ്യകതയെക്കുറിച്ച് മത്സ്യമേഖലയിൽ നിലനിൽക്കുന്ന അജ്ഞതയാണ് ഇത്തരമൊരവസ്ഥയ്ക്ക് കാരണമെന്ന് പഠനം ചൂണ്ടിക്കാട്ടുന്നു.